ശ്രീമതി കെ. ആർ. ഗൗരി : ഇതിനാവശ്യമായിട്ടുള്ള മെഷീൻ ഒരു ജർമ്മൻമെഷീനാണു്. അതു ജർമ്മനിയിൽനിന്നു വരുത്താൻവേണ്ടിയുള്ള ട്രാൻസ്പോർട്ട സമയത്തു അതു കാണാതായി എന്നു കേൾക്കുന്നതു ശരിയാണോ; അതുകൊണ്ടു കുറെ കാലതാമസം നേരിട്ടു എന്നുള്ളതും ശരിയാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിനാവശ്യമായ ബായിലർ സ്ഥാപിക്കാൻ കുറെ കാലതാമസം നേരിട്ടു എന്നുള്ളതു ശരിയാണു്. അതിനുള്ള കാരണമെന്താണെന്നു അറിവില്ല.

ശ്രീമതി കെ. ആർ. ഗൗരി : ജർമ്മനിയിൽനിന്നുള്ള ബായിലർ ട്രാൻസിറ്റിൽ നഷ്ടപ്പെട്ടു എന്നും, അതിനുപകരം ഇൻഡ്യയിൽ ഉണ്ടാക്കപ്പെട്ട ബായിലർ സ്ഥാപിച്ചു പ്രവർത്തനം തുടങ്ങിയപ്പോൾ രണ്ടുപ്രാവശ്യം ഹാക്റ്റിറിയുടെ പ്രവർത്തനം നിന്നുപോകുകയുണ്ടായി എന്നും അറിയുന്നതു ശരിയാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഈ ബായിലർ സ്ഥാപിക്കുന്ന കാര്യത്തിൽ കുറെ കാലതാമസമുണ്ടായിട്ടുണ്ടു്. അതു പരമാർത്ഥമാണു്.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ ജർമ്മനിയിൽനിന്നും കൊണ്ടുവന്ന ബായിലർ ട്രാൻസിറ്റിൽ നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അതിനു കുറ്റക്കാരനാരാണെന്നു കണ്ടുപിടിച്ചു ശിക്ഷിക്കാൻ വേണ്ട നടപടി എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിൽ അങ്ങനെ ഒരു അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കാരണം, ഇവിടെയുള്ള ആളുകളുടെ കുറ്റംകൊണ്ടാണെന്നു തോന്നുന്നില്ല. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെപ്പറ്റി ഫാക്റ്റിറി മാനേജ്മെൻറിനോടു അന്വേഷിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : ബായിലർ കൂടുതൽ വിലയ്ക്കു ബ്ലാക്കുമാർക്കറ്റിൽ വിൽക്കുകയും ഇൻഡ്യയിലുണ്ടാക്കിയ പുതിയ ബായിലർ സ്ഥാപിക്കുകയുമാണുണ്ടായതെന്നറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെപ്പറ്റി അന്വേഷിക്കാം.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറു് പുനഃസംഘടന.

* 265. [4] ശ്രീ. പി. എസ്സു്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറു് പുനഃസംഘടിപ്പിക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു് രീതിയിലാണു് പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു് :

(സി) പുനഃസംഘടിപ്പിക്കുമ്പോൾ ഇന്നുള്ള സോണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ നിറുത്തലാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി, സി) ഡിപ്പാർട്ടുമെൻറു കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു് വേണ്ട നിർദ്ദേശങ്ങൾ ഗവണ്മെൻറിലേക്കു സമർപ്പിക്കുന്നതിനു് ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിട്ടുണ്ടു്. സ്പെഷ്യലാഫീസറുടെ റിപ്പോർട്ടിൻറെ വെളിച്ചത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കുസുമം : റീജിയണൽ ഡയറക്ടർമാരുടെ തസ്തികകൾ നിറുത്തലാക്കാൻ ഗവണ്മെന്റു നിശ്ചയിച്ചിരിക്കുന്നതായി പത്രവാർത്ത കണ്ടു. അതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : ആ ആഫീസുകൾകൂടി പ്രവർത്തിക്കുന്നതുമൂലം കാലതാമസം കൂടുന്നതായി ഗവണ്മെന്റിനു അഭിപ്രായമുണ്ടു്. അതുകൂടി അന്വേഷിക്കാൻ സ്പെഷ്യലാഫീസറോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : അന്വേഷണം നടത്താൻ നിയുക്തനായ ആഫീസറോടു്, ഡിപ്പാർട്ടുമെന്റിൽ വരുത്താനുദ്ദേശിക്കുന്ന പരിഷ്കരണങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നയിന്ന കാര്യങ്ങളെ സംബന്ധിച്ചു അന്വേഷിക്കണമെന്നു് ഒരു ''terms of reference'', നൽകിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഉണ്ടു്. പ്രധാനമായിട്ടു് അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചു എന്തു മാറ്റം വരുത്തണം, ഇൻസ്പെക്ഷനെ സംബന്ധിച്ചിടത്തോളം എന്താണു കൂടുതൽ ചെയ്യേണ്ടതു് ഈ രണ്ടു കാര്യങ്ങളാണു് അന്വേഷിക്കാൻ ഏർപ്പാടു ചെയ്തിരിക്കുന്നതു്.

ശ്രീ. പി. രവീന്ദ്രൻ ; എത്ര കാലത്തിനകം സ്പെഷ്യലാഫീസർ റിപ്പോർട്ടു സമർപ്പിക്കണമെന്നാണാവശ്യപ്പെട്ടിരിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : രണ്ടു മാസത്തിനകം.

ശ്രീ. എൻ. ഗോപാലകുറുപ്പു് : സ്പെഷ്യലാഫീസറുടെ റിപ്പോർട്ടു കിട്ടിയാൽ, അതു ഈ സഭയുടെ ചർച്ചയ്ക്കു വിധേയമാക്കിയതിനുശേഷം ഒരു തീരുമാനം എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കഴിഞ്ഞ വർഷത്തിൽ, ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി, പുനർവിഭജനത്തെ സംബന്ധിച്ചിടത്തോളം അഭിപ്രായങ്ങളും ആരായുകയും, ചില തീരുമാനങ്ങളും എടുക്കുകയും ചെയ്തിട്ടുണ്ടു്. ഡിപ്പാർട്ടുമെന്റു ലവലിൽ നടത്തിയ ആ തീരുമാനങ്ങളും നടപ്പാക്കാൻ താമസം നേരിടുന്നതിന്റെ കാരണം എന്താണു് ?

ശ്രീ. ആർ. ശങ്കർ : ഡിപ്പാർട്ടുമെന്റിലെ സീനിയർ ഉദ്യോഗസ്ഥന്മാരുമായി ഈ വിഷയം ആലോചിച്ചിട്ടുണ്ടു്. പൊതുവെ ഉണ്ടായ അഭിപ്രായം, ഇപ്പോഴത്തെ ഇൻസ്പെക്ഷൻ സമ്പ്രദായം കേവലം അപര്യാപ്തമാണെന്നാണു്. അതിനാവശ്യമായ നടപടി എടുക്കുന്നതിനുള്ള നിർദ്ദേശംകൂടി സമർപ്പിക്കാൻ സ്പെഷ്യലാഫീസറോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : റീജിയണൽ ആഫീസുകൾ ഏർപ്പെടുത്തിയതു് ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനാണെന്നാണു് അന്നു പറഞ്ഞതു്. ഇന്നു്, ഇപ്പോൾ കാര്യക്ഷമത കൂട്ടാനായി അതു് ഉപേക്ഷിക്കുകയാണു ചെയ്യുന്നതെന്നു പറയുന്നു. ഈ മാറ്റം എങ്ങനെ സംഭവിച്ചതാണു് ?

ശ്രീ. ആർ. ശങ്കർ : അനുഭവത്തിന്റെ വെളിച്ചത്തിൽ അങ്ങനെ തീരുമാനിച്ചതാണു്. റീജിയണൽ ഡയറക്ടർമാർക്കു, ഡയറക്ടറുടെ ചില അധികാരങ്ങളും നൽകിയിട്ടുണ്ടു്. അതു് കാലതാമസം ഒഴിവാക്കുന്നതിനുപകരം, എ. ഈ. ഓ., ഡി. ഈ. ഓ. റീജിയണൽ ഡയറക്ടർ ഇങ്ങനെ മൂന്നു വിഭാഗം ഉദ്യോഗസ്ഥന്മാരുടെ കീഴിൽ കൂടുതൽ കാലതാമസം വരുത്തുന്നതിനാണു് ഇടയാക്കിയിട്ടുള്ളതെന്നു കണ്ടതുകൊണ്ടാണു് മാറ്റം വരുത്തണമോ എന്നു് പരിശോധിക്കുന്നതു്.

ശ്രീ. എൻ. ഈ. ബലറാം : വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ഇങ്ങനെ ചില പരിഷ്കാരങ്ങളും വരുത്തണമെന്നു ഗവണ്മെന്റു സ്വന്തം നിലയിൽ തീരുമാനിച്ചതാണോ, വിദ്യാഭ്യാസാധികൃതരും, വിദഗ്ദ്ധരുമായ ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ചു തീരുമാനിച്ചതാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരുടെ അനുഭവവും, ഗവണ്മെൻറിൻെറ അനുഭവവും, ഗവണ്മെൻറിനു് ഇതു സംബന്ധിച്ചു കിട്ടിയിട്ടുള്ള നിവേദനങ്ങളും വച്ചുകൊണ്ടാണു് ഇങ്ങനെ തീരുമാനിച്ചതു്.

ശ്രീ. സി. അച്യുതമേനോൻ : ഡിപ്പാർട്ടുമെൻറിൻെറ പുനഃസംഘടന തൃപ്തികരമല്ലെന്നു്, വിദ്യാഭ്യാസ മേലദ്ധ്യക്ഷൻെറ റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ? വിദ്യാഭ്യാസോപദേശകക്കമ്മിറ്റിയുടെ ശുപാർശ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : എഡ്യൂക്കേഷൻ അഡൈ്വസറി കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണു് ഈ നടപടി സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. കെ. കൃഷ്ണപിള്ള : ഡയറക്ടറുടെ അധികാരം റീജിയണൽ ഡയറക്ടർമാർക്കു നൽകിയതുമൂലം പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രയോജനം ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ ; റീജിയണൽ ഡയറക്ടർമാർക്കു് അങ്ങനെ അധികാരം വിട്ടുകൊടുത്തതുമൂലം ഉദ്ദേശിച്ച പ്രയോജനം ഉണ്ടായിട്ടില്ലെന്നാണു കാണാൻ കഴിഞ്ഞതു്.

Mr. Speaker : Question No. 5; An identical question has been already answered. Question No. 6.

പുതിയതായി ആരംഭിക്കുന്ന സ്കൂളുകൾ

* 266. (6] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തവർഷം പുതുതായി സ്കൂളുകൾ ആരംഭിക്കുന്നുണ്ടോ ;

(ബി) 3-ാം പദ്ധതിയിൽ തുറക്കേണ്ട സ്കൂളുകൾ എല്ലാം തുറന്നു കഴിഞ്ഞോ ;

(സി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും എത്ര വീതം പുതുതായി തുറക്കാനുദ്ദേശിക്കുന്നു ;

(ഡി) ഇതുമൂലം ഗവണ്മെൻറിനു് എന്തധികച്ചിലവു വരുമെന്നു കണക്കാക്കിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി, ഡി) തീരുമാനിച്ചിട്ടില്ല.

Mr. Speaker : Question Nos. 24 and 40 may also be answered

പുതുതായി ആരംഭിക്കുന്ന സ്കൂളുകളും കോളേജുകളും

* 267. [24] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-ൽ എത്ര പുതിയ ഗവണ്മെൻറു് സ്കൂളുകളും കോളേജുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു ;

(ബി) എവിടെയെല്ലാം ;

(സി) ഏതെല്ലാം സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി, സി) ഈ കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly